"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1027/2024/RD തീയതി,തിരുവനന്തപുരം, 15-03-2024

AS Number - AS/Rev/23/33916

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.02.2024 തീയതിയിലെ LR/6668/2023-LR(M5) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ മാവിലായി, മുഴപ്പിലങ്ങാട്, ഇരിവേരി, കടമ്പൂർ, മക്രേരി തുടങ്ങിയ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കണ്ണൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയ ചുവടെ ചേർക്കുംപ്രകാരമുള്ള ആകെ 31,60,000/- രൂപയടങ്ങുന്ന എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി പരാമർശം പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

| **ക്രമ നം** | **പ്രവൃത്തി** | **എസ്റ്റിമേറ്റ് തുക** |
|---|---|---|
| 1 | മാവിലായി വില്ലേജ് - ചുറ്റുമതിൽ, ഗേറ്റ്, റൂഫിങ് | 8,70,000/- |
| 2 | മുഴപ്പിലങ്ങാട് വില്ലേജ് - വരാന്തയിൽ ഗ്രിൽ സ്ഥാപിയ്ക്കൽ | 2,20,000/- |
| 3 | ഇരിവേരി വില്ലേജ് - വരാന്തയിൽ ഗ്രിൽ സ്ഥാപിയ്ക്കൽ | 4,60,000/- |
| 4 | കടമ്പൂർ വില്ലേജ് - വരാന്തയിൽ ഗ്രിൽ സ്ഥാപിയ്ക്കൽ | 6,80,000/- |
| 5 | മക്രേരി വില്ലേജ് - ചുറ്റുമതിൽ, ഗേറ്റ്, റൂഫിങ്, വരാന്തയിൽ ഗ്രിൽ സ്ഥാപിയ്ക്കൽ | 9,30,000/- |
| | **ആകെ** | **31,60,000/-** |

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ മാവിലായി, മുഴപ്പിലങ്ങാട്, ഇരിവേരി, കടമ്പൂർ, മക്രേരി എന്നീ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി മേൽ പരാമർശിച്ച പ്രകാരം 31,60,000/- രൂപയുടെ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 2029-00-101-99 Village Establishment-17 Minor works (NP V) എന്ന ശീർഷത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കണ്ണൂർ.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (EXP-D1/56/2024-FIN dated 13.03.2024 പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 16-03-2024 10:23:02